# കൊച്ചി മെട്രോ പദ്ധതിക്കുവേണ്ടി വൈറ്റില കുന്നറ പാർക്ക് മുതൽ പേട്ട ജംഷൻ വരെയുള്ള പൊന്നുംവില നടപടി- ജില്ലാ തല വിദഗ്ദ്ധ സമിതി യുടെ റിപ്പോർട്ട്

1) ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതയ്ക്കും പുനരധിവാസത്തിനും, പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 7(1) പ്രകാരം ജില്ലാ തല വിദഗ്ധ സമിതി രൂപീകരിച്ചുകൊണ്ട് ജില്ലാ കളക്ടറുടെ സി.12-1411/16 തീയതി 28.01.2017 പ്രകാരം ഉത്തരവായിട്ടുള്ളതാണ്

2) കൊച്ചി മെട്രോയ്ക്കുവേണ്ടി കുന്നറ പാർക് മുതൽ പേട്ട ജംക്ഷൻ വരെയുള്ള പൊന്നുംവില നടപടികളുടെ സാമൂഹ്യപ്രത്യാഘാത നിർണ്ണയ പഠന (എസ്.ഐ.എ ) റിപ്പോർട്ട്, സാമൂഹ്യ പ്രത്യാഘാത നിർവഹണ സംവിധാനം (എസ്.ഐ.എം.പി) എന്നിവ എസ്.ഐ.എ യൂണിറ്റായ രാജഗിരി ഔട്ട് രീച്ച്, 14.02.2017 ൽ സമർപ്പിച്ചിട്ടുള്ളതാണ്.

3) എസ്.ഐ.എ റിപ്പോർട്ട്, എസ്.ഐ.എം.പി എന്നിവയെപ്പറ്റി വിദഗ്ധ ഗ്രൂപ്പ് മുമ്പാകെ 18.02.2017 ൽ ഒരു പ്രതിപാദനം എസ് ഐ. എ. യൂണിറ്റ് നടത്തിയിട്ടുള്ളതാണ്

4) മേൽ റിപ്പോർട്ട് വിശകലനം ചെയ്യുന്നതിനും ശുപാർശ സമർപ്പിക്കുന്നതിനുവേണ്ടിയും 20.02.2017 ൽ ജില്ലാതല വിദഗ്ധ സമിതി യോഗം ചേർന്നിട്ടുള്ളതാണ്. മേൽ റിപ്പോർട്ട് വിശകലനം ചെയ്തതിനുശേഷം, ടി. പദ്ധതി, അവ്യാജമായ ഒരു പൊതു ആവശ്യത്തിനുള്ളതാണെന്നുള്ളതുകൊണ്ടും, പദ്ധതി നടപ്പിലാകുമ്പോൾ ഉണ്ടാകുന്ന പ്രയോജനങ്ങൾ അതുമൂലമുണ്ടാകുന്ന സാമൂഹ്യ ചെലവുകളേയും പ്രത്യാഘാതങ്ങളെയും അപേക്ഷിച്ച് വളരെ വലുതാണെന്നുമുള്ള വിലയിരുത്തലിന്റെ അടിസ്ഥാനത്തിലും ഈ പദ്ധതിയുമായി മുന്നോട്ടുപോകുന്നതിനാവശ്യമായ അംഗീകാരം നൽകുന്നതിന് വിദഗ്ധ സമിതി ഏകകണ്ഠമായി, തീരുമാനിച്ചു. മേൽ ചർച്ചയുടെ അടിസ്ഥാനത്തിൽ കമ്മിറ്റിയുടെ റിപ്പോർട്ട് തയ്യാറാക്കി ജില്ലാ കളക്ടർക്കു സമർപ്പിക്കുന്നതിന് വിദഗ്ധ സമിതി ചെയർമാനെ യോഗം ചുമതലപ്പെടുത്തി. യോഗ മിനിട്സ് ഇതോടൊപ്പം ചേർക്കുന്നു.

5) പദ്ധതി അംഗീകരിക്കുന്ന വേളയിൽ താഴെ പറയുന്ന ശുപാർശകൾ സമുചിത സർക്കാരിന്റെ, ഈ വിഷയത്തിൽ ജില്ലാ കളക്ടറുടെ, പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് തീരുമാനിച്ചു.

i) പൊന്നുംവില നടപടി ത്വരിതപ്പെടുത്തുന്നതിനും, നിലവിലെ കമ്പോള വിലയനുസരിച്ച് ഉചിതമായ നഷ്ടപരിഹാരം സ്ഥലമുടമകൾക്ക് നൽകുന്നതിനും എസ്.ഐ.എ പഠനത്തിൽനിന്നും ലഭിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ ശുപാർശ ചെയ്യുന്നു.

ii) ആർ.ആർ പാക്കേജ് നൽകുന്ന വേളയിൽ കുടിയൊഴിപ്പിക്കപ്പെട്ട കുടുംബങ്ങൾ, സ്ത്രീകൾ നയിക്കുന്ന കുടുംബങ്ങൾ, ആശ്രിതരായ വിധവകൾ, അംഗപരിമിതിയുള്ളവർ എന്നിവർക്ക് പ്രത്യേക പരിഗണന നൽകി എത്രയ്യും പെട്ടെന്ന് നഷ്ടപരിഹാരം വിതരണം ചെയ്യേണ്ടതാണ്.

iii) ധാരാളം കുടുംബങ്ങളുടെ ജീവനോപാധിയുടെ കേന്ദ്രമാണ് ചമ്പക്കരമാർക്കറ്റും പരിസരവും. പുതിയ ചമ്പക്കര പാലം നിർമ്മിക്കുമ്പോൾ മാർക്കറ്റിന്റെ പ്രവർത്തനത്തെ ബാധിക്കാത്ത തരത്തിൽ നിർമ്മാണ പ്രവർത്തനം നടത്തുന്നതിന് പ്രത്യേകം

ശ്രദ്ധിക്കേണ്ടതാണ്. ചമ്പക്കര മാർക്കറ്റിന്റെ ആധുനിക വൽകരണത്തിനും പ്രത്യേക പരിഗണന നൽകേണ്ടതാണ്.

iv) നിലവിലെ അലൈൻമെന്റ് പ്രകാരം മൂന്ന് ഉടമസ്ഥരുടെ കെട്ടിടങ്ങൾ ഭാഗികമായി പൊളിച്ചുനീക്കേണ്ടിവരുന്നതാണ്. എന്നാൽ നിലവിലെ അലൈൻമെന്റിൽ ചെറിയ മാറ്റങ്ങൾ വരുത്തിയാൽ ആയത് ഒഴിവാക്കാമെന്നുള്ള വിഷയം പരിഗണിക്കാവുന്നതാണെന്ന് സമിതി അഭിപ്രായപ്പെട്ടു.

v) നിലവിലുള്ള ചമ്പക്കര മാർക്കറ്റിന്റെ പുനർനിർമ്മാണ വേളയിൽ ഉണ്ടായേക്കാവുന്ന ഗതാഗതക്കുരുക്ക് കുറയ്ക്കുന്നതിന് ചമ്പക്കര മാർക്കറ്റിന്റെ കിഴക്കേ ഭാഗത്ത് പുഴയോരത്തുകൂടി പി.ഡബ്ല്യു.ഡി. റോഡിനോട് ബന്ധിപ്പിക്കുന്ന തരത്തിൽ ഒരു അപ്രോച്ച് റോഡ് പണിയുന്നത് ഉചിതമായിരിക്കുമെന്ന് സമിതി അംഗങ്ങൾ അഭിപ്രായപ്പെട്ടിട്ടുള്ളതാണ്.

vi) മെട്രൊ പദ്ധതിമൂലം നഷ്ടപ്പെട്ട കുന്നറപാർക്ക് പുനരുദ്ധരിക്കുന്നതിനും, സൗന്ദര്യവൽക്കരിക്കുന്നതിനും വേണ്ട അടിയന്തിര നടപടികൾ അർത്ഥനാധികാരി സ്വീകരിക്കേണ്ടതാണ്. നിർമ്മാണ പ്രവർത്തനങ്ങൾ കഴിയുമ്പോൾ പ്രസ്തുത സ്ഥലത്ത് ഒരു തീം പാർക്കും പുഴയോരത്തുകൂടിയുള്ള നടപാതയും പൂന്തോട്ടവും നിർമ്മിക്കേണ്ടതാണ്.

vii) നിലവിലെ പദ്ധതിപ്രകാരം കുന്നറ പാർക്കുമുതൽ പേട്ട ജംഷൻ വരെയുള്ള റോഡ് വികസനമേ നടക്കുന്നുള്ളൂ എന്നാൽ വൈറ്റില ജംഷൻ മുതൽ കുന്നറ പാർക്ക് വരെയുള്ള റോഡ് വികസനം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതാണ്. വൈറ്റില ജംഷൻ മുതൽ കുന്നറ പാർക്ക് വരെയുള്ള റോഡ് വികസനം ഒഴിവാക്കിയാൽ അത് വലിയ ഗതാഗതസ്തംഭനത്തിന് കാരണമാകുമെന്നതിനാലും വൈറ്റില മുതൽ കുന്നറ പാർക്ക് വരെയുള്ള റോഡ് വികസനത്തിന് മുന്തിയ മുൻഗണന നൽകണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

viii) എസ്.ഐ.എ പഠനപ്രകാരം പദ്ധതിമൂലം ഏകദേശം 15 വലിയ മരങ്ങൾ മുറിക്കേണ്ടി വരുന്നതാണ്. ഇപ്രകാരം നഷ്ട്ടപ്പെടുന്ന പച്ചപ്പിനുപകരം അനുയോജ്യമായ മരങ്ങൾ നടപ്പാതയുടെ ഇരുവശത്തും മീഡിയനിലും വച്ചുപിടിപ്പിക്കുന്നതിനുള്ള നടപടി അർത്ഥനാധികാരി സ്വീകരിക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ix) വെള്ളക്കെട്ടൊഴിവാക്കുന്നതിനായി മഴക്കാലത്തിനുമുൻപ് പദ്ധതി പ്രദേശത്ത് കാനകളുടെ നിർമ്മാണപ്രവർത്തനം പൂർത്തിയാക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യു.

ഈ റിപ്പോർട്ട്. അംഗീകാരത്തിനും തുടർനടപടികൾക്കുമായി എറണാകുളം ജില്ലാ കളക്ടർ മുമ്പാകെ സമർപ്പിക്കുന്നു.

ചെയർമാൻ,

ഒപ്പ്.

വിദഗ്ധസമിതി

എറണാകുളം

25.02.2017